**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **30.01.2018-ൽ മറുപടിക്ക്**

**ചോദ്യം നം. 1506**

## ഓഖി ചുഴലിക്കാറ്റ് മത്സ്യബന്ധന മേഖലയിൽ ഉണ്ടാക്കിയ നഷ്ടം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പി.കെ.അബ്ദു റബ്ബ്<br>,, കെ.എം.ഷാജി<br>,, സി.മമ്മൂട്ടി<br>,, അബ്ദുൽ ഹമീദ് പി** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ചുഴലിക്കാറ്റ് ദുരന്തത്തിൽ മത്സ്യബന്ധന മേഖലയിൽ ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | 2017 നവംബർ 30 ന് അപ്രതീക്ഷിതമായി കേരള തീരത്ത് വീശിയടിച്ച ചുഴലിക്കാറ്റിൽ 50 പേർ കടലിൽവെച്ച് മരണപ്പെടുകയും കണ്ണൂർ മാപ്പിളബേ മത്സ്യബന്ധന തുറമുഖത്തെ ഹൈമാസ്റ്റ് ലൈറ്റ് തകർന്ന് വീണ് ഒരു മത്സ്യത്തൊഴിലാളിയും മരണമടഞ്ഞു. 104 പേരെ കാണാതാവുകയും ചെയ്തു. ഒരു മൃതദേഹം തിരിച്ചറിയാനുണ്ട്. മത്സ്യ ബന്ധന മേഖലയിലെ 221 വീടുകൾക്ക് പൂർണ്ണമായ നാശനഷ്ടവും വീടുകൾക്ക് ഭാഗികമായ നാശനഷ്ടവും 3251 വീടുകൾ വാസയോഗ്യമല്ലാതാകുകയും 270 കുടിലുകൾ തകരുകയും ചെയ്തു. കൂടാതെ 384 ബോട്ടുകൾക്കും 446 വലകൾക്കും നാശനഷ്ടവും സംഭവിച്ചിട്ടുണ്ട്. |
| (ബി) | ഓഖി ദുരന്തബാധിത കുടുംബങ്ങളുടെ പുനരധിവാസത്തിന് ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഓഖി ദുരന്തബാധിത കുടുംബങ്ങളുടെ പുനരധിവാസത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, ഫണ്ട് ബോർഡിൽ നിന്ന് 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നൽകാൻ തീരുമാനിച്ചു. ഒന്നാം ഘട്ടമായി 25 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.<br><br>ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യ സ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം അനുവദിക്കുന്ന താണ്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓഖി |

ദുരന്തത്തിൽ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അടിയന്തര ധനസഹായമായി 10,000/- രൂപ വീതവും അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 5000/- രൂപ വീതവും അനുവദിച്ചു നൽകി. മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2000/- രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. കൂടാതെ, ദുരിത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വഴി നൽകിയിട്ടുണ്ട്.

മരണമടയുന്നതും കാണാതാകുന്നതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/ തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസം/ ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തീരദേശ പോലീസ് സേനയിൽ ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. അതോടൊപ്പം കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പോലീസ് സംവിധാനങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണം നടത്തേണ്ടതെന്നും റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്.

മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന അതേ നിരക്കിലുള്ള ആനുകൂല്യങ്ങൾ കാണാതായവരുടെ കുടുംബങ്ങൾക്കും നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് അർഹമായ സാമ്പത്തികസഹായം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ? | (സി) | ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ